LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്തിന്റെ പൊതുകടം

153 (167) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2006-ലും 31-3-2010-ലും സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയാണ് ;

(ബി) ഏതൊക്കെ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് പൊതുകടം എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുകടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006 മാർച്ച് 31-ലെ കണക്കുകൾപ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 45929.05 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2010 മാർച്ച് 31-ലെ കണക്കുകൾപ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 70969.43 കോടി രൂപയാണ്.

(ബി) കറന്റ് റവന്യൂവിൽനിന്നുള്ള നീക്കിയിരിപ്പ് (BCR), മിസ്സേനിയസ് ക്യാപ്പിറ്റൽ റെസീപ്റ്റ്സിൽ ഉള്ള കുറവ് (വായ്പ തിരിച്ചടവ് കഴിച്ചുള്ളത്) എന്നിവ നികത്തിയതിനുശേഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള അധികതുക കണ്ടെത്താനാണ് പൊതുകടം ഉപയോഗിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം പരമാവധി വർദ്ധിപ്പിച്ച് പൊതുകടമെടുപ്പ് പരിധിക്കുള്ളിൽ നിർത്തി സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ച്കൊണ്ടുവരാൻ ഊർജ്ജിതശ്രമം നടത്തിവരുന്നുണ്ട്. ഇതിന്റെഫലമായി 2005-06-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 33.56% ആയിരുന്ന പൊതുകടം 2009-10-ൽ 30.81% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

## പൊതുകടം

154 (168) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (2006-07-ൽ) പൊതുകടം എത്ര രൂപയായിരുന്നു ;

(സി) ഇപ്പോൾ പൊതുകടത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ ആളോഹരി കടം ഇപ്പോൾ എത്ര രൂപയാണ് ; 2006-07 വർഷത്തിൽ ആളോഹരി കടം എത്ര രൂപയായിരുന്നു ;